## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3440** **11-03-2025 - ൽ മറുപടിയ്ക്ക്**

### രജിസ്ട്രേഷൻ വകുപ്പിലെ ക്രമക്കേടുകൾക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിലെ ക്രമക്കേടുകളെക്കുറിച്ച് ധനകാര്യ പരിശോധന വിഭാഗം നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളിലെ അപാകതകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിന്മേലുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ജീവനക്കാരെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ നിന്നും സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിൽ സർക്കാരിന് വന്നതായി പറയുന്ന നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത റിപ്പോർട്ടിൽ സർക്കാരിന് ഏതെങ്കിലും തരത്തിൽ നഷ്ടം വന്നതായി പ്രതിപാദിച്ച് കാണുന്നില്ല. |
| (സി) | രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട പേൾ, ഇഗ്രൂപ്പ്സ്, സർക്കാർ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്ന സ്പാർക്ക്, ബിംസ്/ബാംസ്, പ്രിസം എന്നീ സോഫ്റ്റ്‌വെയറുകളും ഇ-സർവീസ് ബുക്ക് മുതലായ നൂതനമായ സാങ്കേതിക സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ ആഭ്യന്തര പരിശോധന കാര്യക്ഷമമാക്കുന്നതിന് ഓൺലൈനായി പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുമോ; | (സി) | ധനകാര്യ (ആഭ്യന്തര പരിശോധന വിഭാഗം) വകുപ്പിന്റെ വിവിധ സർക്കാർ ഉത്തരവുകൾ, പരിപത്രങ്ങൾ, ആഭ്യന്തര പരിശോധനാ മാർഗ്ഗനിർദ്ദേശങ്ങൾ, രജിസ്ട്രേഷൻ മാന്വൽ, ആഭ്യന്തര ഓഡിറ്റ് മാന്വൽ എന്നിവയുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ വകുപ്പിൽ ആഭ്യന്തര പരിശോധന നടത്തുന്നത്. സ്പാർക്ക്, ബിംസ്/ബാംസ്, പ്രിസം എന്നിവയിൽ ഓഡിറ്റ് നടത്തുന്നതിന് പ്രത്യേക ലോഗിൻ/ഓഡിറ്റ് മൊഡ്യൂൾ നിലവിൽ ലഭ്യമല്ല. ടി സോഫ്റ്റ് വെയറുകൾ രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലല്ല. വകുപ്പിൽ ആഭ്യന്തര പരിശോധന കാര്യക്ഷമമാക്കുന്നതിന് ഓൺലൈനായി പരിശോധനകൾ നടത്തുന്നതിനുള്ള നടപടി നിലവിൽ സ്വീകരിച്ചിട്ടില്ല. |
| (ഡി) | പരിശോധന കഴിഞ്ഞ് ആറുമാസങ്ങൾക്ക് ശേഷവും ആഭ്യന്തര പരിശോധന റിപ്പോർട്ടുകൾ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ വീഴ്ചയുണ്ടെങ്കിൽ ആയതിന് കാരണക്കാരായ | (ഡി) | ബന്ധപ്പെട്ട രേഖകളും, ജില്ലാ രജിസ്ട്രാർമാർ/ ഡി.ഐ.ജി മാർ സമർപ്പിച്ച റിപ്പോർട്ടുകളും പരിശോധിച്ചതിൽ ചില റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളതായി |

| | | | |
|---|---|---|---|
| | ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ? | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ